(ഡി) കെ. എസ്. ആർ. ടി. സി.യിലെ ഇന്റേണൽ ആഡിറ്റിന്റെ ഭാഗമായി ചീഫ് ഓഫീസിലെ ട്രാൻസാക്ഷനും മറ്റും പരിശോധിക്കുന്നതിന് ഒരു അക്കണ്ട്സ് ഓഫീസറുടെ മേൽനോട്ടത്തിൽ 6 അസിസ്റ്റന്റുമാരേയും, 2 സൂപ്രണ്ടുമാരേയും, ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ മേഖലാടിസ്ഥാനത്തിൽ ഒരു സൂപ്രണ്ടും, മൂന്ന് അസിസ്റ്റന്റുമാരുമടങ്ങുന്ന അഞ്ച് മേഖലകളും, അവരുടെ നിയന്ത്രണത്തിനായി ചീഫ് ഓഫീസിൽ ഒരു സൂപ്രണ്ട്, ഒരു അസിസ്റ്റന്റ്, ഒരു പ്യൂൺ എന്നിവരടങ്ങിയ ഒ.എ. ഡി. സെക്ഷനും ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ (ആഡിറ്റ്) ന്റെ കീഴിൽ പ്രവർത്തിക്കുന്നു. എല്ലാ യൂണിറ്റുകളും, ഓപ്പറേറ്റിംഗ് സെന്ററുകളും, റീജിയണൽ വർക്ക് ഷോപ്പുകളും, ചീഫ് ഓഫീസും ഉൾപ്പെടെ 5 മേഖലകളായി തിരിച്ച് ഓരോ പാർട്ടിയും ഓരോ മേഖലയുടെ ചുമതല വഹിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റതാക്കാൻ നടപടി

142 (5362) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമല്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്ത് ;

(ബി) അക്കൗണ്ടിംഗ് സംവിധാനം ഏതൊക്കെ വർഷങ്ങളിലാണ് താറുമാറായതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യുടെ അക്കൗണ്ടിംഗ് സംവിധാനം ഇപ്പോൾ തൃപ്തികരമായ രീതിയിലാണ് പ്രവർത്തിച്ചു വരുന്നത്.

(ബി) 2003 മുതൽ 2006 വരെയുള്ള കാലഘട്ടത്തിലാണ് അക്കൗണ്ട്സ് വിഭാഗത്തിൽ മന്ദത അനുഭവപ്പെട്ടത്. ഇതിനുള്ള പ്രധാന കാരണം ജീവനക്കാരുടെ ഗണ്യമായ കുറവായിരുന്നു. ഏകദേശം 600- ഓളം ക്ലറിക്കൽ ജീവനക്കാരുടെ കുറവ് ഏറ്റവുമധികം ബാധിച്ചത് അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനത്തേയാണ്. വേബിൽ ആഡിറ്റ് സമയത്ത് പൂർത്തിയാകാത്തതു കാരണവും ഔട്ട് ആഡിറ്റ് വിഭാഗത്തിന്റെ അപര്യാപ്തത കാരണവും, ഡിപ്പോകളിൽ നിന്നും പ്രതിമാസ കണക്കുകളും മറ്റു വിവരങ്ങളും ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായി. ഇത് അക്കൗണ്ട്സ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്തിനായി പല പരിഹാര നടപടികളും സ്വീകരിക്കുകയുണ്ടായി. ക്ലറിക്കൽ വിഭാഗത്തിന്റെ അപര്യാപ്തത നികത്തുന്നതിനായി പുതിയ നിയമനങ്ങൾ നടത്തി. എല്ലാ ഡിപ്പോകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയതുവഴി വേബിൽ ഓഡിറ്റിംഗിൽ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞു. അഞ്ച് (5) ഔട്ട് ആഡിറ്റ് പാർട്ടികളെ ഉൾപ്പെടുത്തി ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി. എല്ലാ ഡിപ്പോകളിൽ നിന്നും ഇന്റർനെറ്റ് വഴി വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനു സാധിച്ചു.

ഈ വക നടപടികളുടെ ഭാഗമായി വാർഷിക കണക്കിൽ ഉണ്ടായിരുന്ന കുടിശ്ശിക സമയബന്ധിതമായി തീർക്കുന്നതിനു സാധിക്കുന്നുണ്ട്. ഏകദേശം 2 വർഷം കൊണ്ട് 2004-05 മുതൽ 2007-08 വരെയുള്ള വാർഷിക കണക്കുകൾ പൂർത്തീകരിക്കുകയും 2008-09-ലെ കണക്ക് സെപ്തംബറിൽ തീർക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കെൽട്രോണുമായി സഹകരിച്ച് കുറ്റമറ്റ ഒരു അക്കൗണ്ടിംഗ് പാക്കേജ് തയ്യാറാക്കി വരുന്നു. 2011-ഓടുകൂടി ഈ സംവിധാനം നിലവിൽ വരുന്നതാണ്.

കെ.എസ്.ആർ.ടി.സി. യിൽ നഷ്ടപ്പെട്ട ഫയലുകൾ കണ്ടെത്താൻ നടപടി

143 (5363) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് വളരെ നിർണ്ണായകമായ ഫയലുകൾ കെ.എസ്.ആർ.ടി.സി.യിൽ നിന്ന് അപ്രത്യക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫയലുകൾ നഷ്ടമായതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടികൾ നഷ്ടമായെന്ന് വ്യക്തമാക്കുമോ ; ഇതിനുത്തരവാദികളായവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. യു. സി. 2001-04-ലെ 28-ാമത് റിപ്പോർട്ടിൽ 1986-91 കാലയളവിൽ നടന്ന പർച്ചേസിൽ ചില ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനെത്തുടർന്നുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലായെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഫയൽ ഇപ്പോഴും കണ്ടെത്തിയിട്ടില്ല.

(ബി) ഫയൽ കണ്ടെത്തിയാൽ മാത്രമേ യഥാർത്ഥത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താനാകൂ. ഈ വിഷയത്തിൽ തുടർ നടപടികൾ എടുക്കുന്നതിനായി ഫയൽ നഷ്ടപ്പെട്ട കാര്യം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly